ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി

*22 [202] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് നൽകിയ ഭൂമി അന്യാധീനപ്പെട്ട് പോയിട്ടുണ്ടെങ്കിൽ ആയത് വീണ്ടെടുത്ത് അവർക്ക് നൽകാൻ വേണ്ട എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആദിവാസി ഭൂമി അന്യാധീനപ്പെട്ടത് ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) തടസ്സം ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ ആന്റ് ബി) 1975-ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകൊടുക്കലും) ആക്ട് റദ്ദാക്കിക്കൊണ്ടാണ് 1999-ലെ (കേരളാ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും) ആക്ട് നിയമസഭ പാസ്സാക്കിയത്. എന്നാൽ ഈ രണ്ട് നിയമത്തിലേയും ചില വകുപ്പുകൾ ബഹുമാനപ്പെട്ട കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ കോടതിയുടെ അന്തിമ വിധി ഉണ്ടാകുന്നതുവരെ നിയമം നടപ്പിലാക്കേണ്ടതില്ല എന്ന് 2001 ഒക്ടോബർ മാസം 16-ാം തീയതി സംസ്ഥാന സർക്കാർ ആദിവാസി ഗോത്രമഹാസഭയുമായി നടത്തിയ ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി.

(സി) കഴിയുന്നതും വേഗം കേസ് തീർപ്പാക്കുന്നതിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ശുദ്ധജലത്തിന്റെ ഗുണനിലവാരം

*23 [203] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഇപ്പോൾ ഈ സംവിധാനം നിലവിലില്ലാത്ത ജില്ലകളിൽ അത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലബോറട്ടറികളും അവയുടെ മേൽനോട്ടം വഹിക്കുന്നതിനായി തിരുവനന്തപുരം, തിരുവല്ല, തൃശ്ശൂർ, ആലുവ, കോഴിക്കോട്, കണ്ണൂർ എന്നീ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ആഫീസുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly